# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1617** — **21.03.2012-ൽ മറുപടിക്ക്**

## അന്തകവിത്തുകളെ തടയുന്നതിനുള്ള നടപടി

| **ചോദ്യം**<br>ശ്രീമതി ഗീതാ ഗോപി | **മറുപടി**<br>**ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ജനിതക മാറ്റം വരുത്തിയ അന്തകവിത്തുകൾ കേരളത്തിന്റെ മണ്ണിൽ വിൽക്കാൻ അനുവദിക്കില്ലെന്ന മുൻ സർക്കാരിന്റെ നില പാടിൽ മാറ്റം വരുത്തുന്നതിനുള്ള നീക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനിതകമാറ്റം വരുത്തിയ വിത്തുകൾ സംസ്ഥാനത്ത് അനുവദിക്കേണ്ടതില്ല യെന്നതു തന്നെയാണ് സർക്കാർ നയം. |
| ബി) ജനിതക മാറ്റം വരുത്തിയ അന്തകവിത്തുകളെ തടയുന്നതിനായി നാടൻ വിത്തുകളെ സംരക്ഷിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ? | ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്കും വിവിധ സാഹചര്യങ്ങൾക്കും അനുയോജ്യമായ ഗുണമേൻമയുള്ള നാടൻ വിത്തിനങ്ങളുടെ വിപുലമായ ഒരു ജനിതക ശേഖരം (germ plasm) കേരള കാർഷിക സർവ്വകലാശാല സംരക്ഷിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിനു യോജിച്ചതും ഉൽപ്പാദനക്ഷമത കൂടിയതുമായ വിത്തിനങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ